"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്- അനധികൃതമായി പ്രവർത്തിക്കുന്ന ബോട്ടുകൾക്ക് രജിസ്ട്രേഷൻ നൽകുന്നതിനായുള്ള ഫീസ്,ഫൈൻ എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശത്തിന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.383/2024/F&P തീയതി,തിരുവനന്തപുരം, 11-07-2024

പരാമർശം:-
1. കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 16/05/2024 ലെ HOKMB-TVM/743/2023-B3 നമ്പർ കത്ത്
2. കേരള മാരിടൈം ബോർഡ് 03.05.2024-തീയതിയിലെ 33-ാമത് മീറ്റിംഗിലെ അജണ്ട നം.10 തീരുമാനം.

**ഉത്തരവ്**

കേരള മാരിടൈംബോർഡിന്റെ പോർട്ട് ഓഫ് രജിസ്ട്രികളുടെ അധികാരപരിധിയിൽ അനധികൃതമായി പ്രവർത്തിക്കുന്ന ബോട്ടുകൾക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നതിനുള്ള ഫീസ്, ഫൈൻ എന്നിവ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം കേരള മാരിടൈംബോർഡ് മീറ്റിംഗ് പരാമർശം (2) പ്രകാരം അംഗീകരിക്കുകയുണ്ടായി. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അംഗീകാരം നൽകണമെന്ന് കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മാരിടൈംബോർഡിന്റെ പോർട്ട് ഓഫ് രജിസ്ട്രികളുടെ അധികാരപരിധിയിൽ അനധികൃതമായി പ്രവർത്തിക്കുന്ന ബോട്ടുകൾക്ക് രജിസ്ട്രേഷൻ അനുവദിക്കുന്നതിനുള്ള ഫീസ്, ഫൈൻ എന്നിവ സംബന്ധിച്ച് പരാമർശം (2) ആയി കേരള മാരിടൈംബോർഡ് അംഗീകരിച്ച മാർഗ്ഗ നിർദ്ദേശത്തിന് സർക്കാർ അംഗീകാരം നൽകി ഉത്തരവാകുന്നു. അംഗീകരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ആലപ്പുഴ ജില്ലയിൽ രജിസ്ട്രേഷൻ അനുവദിക്കുന്നത് ഈ വിഷയത്തിൽ ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള വ്യവഹാരത്തിന്റെ അന്തിമ വിധിന്യായത്തിന് വിധേയമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗിരിജ കുമാരി.ജി
അഡീഷണൽ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കേരളമാരിടൈംബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
P Y Usha
സെക്ഷൻ ഓഫീസർ
Date: 15-07-2024 12:59:35

# അനുബന്ധം

**കേരളാ മാരിടൈം ബോർഡിന്റെ 6 പോർട്ട് ഒഫ് രജിസ്ട്രികളുടെ അധികാര പരിധിയിൽ അനധികൃതമായി പ്രവർത്തിക്കുന്ന ബോട്ടുകൾക്ക് രജിസ്ട്രേഷൻ നൽകുന്നതിനായുള്ള ഫീസ്, ഫൈൻ എന്നിവ:-**

<table>
<tr><td rowspan="4">I.</td><td colspan="5">ആലപ്പുഴയിൽ ഏർപ്പെടുത്തിയ നിയന്ത്രണത്തെ തുടർന്ന് മറ്റ് പോർട്ട് ഓഫ് രജിസ്ട്രികളിൽ രജിസ്ട്രേഷനെടുക്കാൻ നിർബന്ധിതരായതും, ആലപ്പുഴ പോർട്ട് ഓഫ് രജിസ്ട്രിയുടെ പരിധിയിൽ നിലവിൽ പ്രവർത്തിച്ചുവരുന്നതുമായ ബോട്ടുകൾക്ക്</td></tr>
<tr><td colspan="2" rowspan="3">എരിയ ഒഫ് ഓപ്പറേഷൻ ആലപ്പുഴയിലേക്ക് മാറ്റുന്നതിനു.</td><td>മോട്ടോർ ബോട്ടുകൾ, ശിക്കാര</td><td colspan="2">5000.00</td></tr>
<tr><td>ഹൌസ് ബോട്ടുകൾ (അപ്പർ ഡെക്ക് ഇല്ലാത്തവ)</td><td colspan="2">10000.00</td></tr>
<tr><td>ഹൌസ് ബോട്ടുകൾ (അപ്പർ ഡെക്ക് ഉള്ളവ)</td><td colspan="2">15000.00</td></tr>
<tr><td rowspan="11">II.</td><td colspan="5">നിർമ്മാണ അനുമതി ലഭ്യമാകാതെ നിർമ്മാണം നടത്തി രജിസ്ട്രേഷൻ, സർവേ നടപടികൾ പൂർത്തിയാക്കാത്ത ബോട്ടുകൾ</td></tr>
<tr><td rowspan="5">1.</td><td rowspan="5">മോട്ടോർ ബോട്ട്, സ്പീഡ് ബോട്ട് മുതലായവ</td><td>അനുമതി ഇല്ലാതെ നിർമ്മാണം നടത്തിയതിനു</td><td colspan="2">10000.00</td></tr>
<tr><td>സർവ്വേ ഫീസ്</td><td colspan="2">വെസൽ നീറ്റിലിറക്കിയ വർഷം മുതൽ ടണേജ് അടിസ്ഥാനത്തിൽ ഓരോ വർഷത്തിനും ഇരട്ടി തുക (2025 വരെ)</td></tr>
<tr><td>രജിസ്ട്രേഷൻ ഫീസ്</td><td colspan="2">വെസൽ നീറ്റിലിറക്കിയ വർഷം മുതൽ ടണേജിനു 35/- രൂപ (മിനിമം 280.00) എന്ന നിരക്കിൽ ഓരോ 5 വർഷത്തിനും ഇരട്ടി തുക</td></tr>
<tr><td>ഡോക്കിങ്ങ് ഫീസ്</td><td colspan="2">വെസൽ നീറ്റിലിറക്കിയ വർഷം മുതൽ ഓരോ 3 വർഷത്തിനും 4140/- രൂപ വീതം.</td></tr>
<tr><td>രജിസ്ട്രേഷൻ ക്രമവൽക്കരിക്കുന്നതിനുള്ള ഫീസ്</td><td colspan="2">5000.00</td></tr>
<tr><td rowspan="5">2.</td><td rowspan="5">ശിക്കാര ബോട്ട്</td><td>അനുമതി ഇല്ലാതെ നിർമ്മാണം നടത്തിയതിനു</td><td colspan="2">10000.00</td></tr>
<tr><td>സർവ്വേ ഫീസ്</td><td colspan="2">വെസൽ നീറ്റിലിറക്കിയ വർഷം മുതൽ ടണേജ് അടിസ്ഥാനത്തിൽ ഓരോ വർഷത്തിനും ഇരട്ടി തുക (2025 വരെ)</td></tr>
<tr><td>രജിസ്ട്രേഷൻ ഫീസ്</td><td colspan="2">വെസൽ നീറ്റിലി റക്കിയ വർഷം മുതൽ ടണേജിനു 35/- രൂപ (മിനിമം 280.00) എന്ന നിരക്കിൽ ഓരോ 5 വർഷത്തിനും ഇരട്ടി തുക</td></tr>
<tr><td>ഡോക്കിങ്ങ് ഫീസ്</td><td colspan="2">വെസൽ നീറ്റിലിറക്കിയ വർഷം മുതൽ ഓരോ 3 വർഷത്തിനും 4140/- രൂപ വീതം.</td></tr>
<tr><td>രജിസ്ട്രേഷൻ</td><td>10 യാത്രക്കാർ വരെയുള്ളവ</td><td>₹ 5000</td></tr>
</table>

| | | | | |
|---|---|---|---|---|
| | | ക്രമവൽക്കരിക്കുന്നതിനുള്ള ഫീസ് | 11 മുതൽ 15 യാത്രക്കാർ വരെ | ₹ 7500 |
| | | | 16 മുതൽ 20 യാത്രക്കാർ വരെ | ₹ 10000 |
| | | | 20 മുതൽ മുകളിലേയ്ക്ക് | ₹ 20000 |
| 3. | ഹൌസ് ബോട്ട് | അനുമതി ഇല്ലാതെ നിർമ്മാണം നടത്തിയതിനു | ₹ 10000 | |
| | | സർവ്വേ ഫീസ് | വെസൽ നീറ്റിലിറക്കിയ വർഷം മുതൽ ടണേജ് അടിസ്ഥാനത്തിൽ ഓരോ വർഷത്തിനും ഇരട്ടി തുക (2025 വരെ) | |
| | | രജിസ്ട്രേഷൻ ഫീസ് | വെസൽ നീറ്റിലിറക്കിയ വർഷം മുതൽ ടണേജിനു 60/- രൂപ എന്ന നിരക്കിൽ (മിനിമം 3310.00) ഓരോ 5 വർഷത്തിനും ഇരട്ടി തുക | |
| | | ഡോക്കിങ്ങ് ഫീസ് | വെസൽ നീറ്റിലിറക്കിയ വർഷം മുതൽ ഓരോ 3 വർഷത്തിനും 4140/- രൂപ വീതം. | |
| | | രജിസ്ട്രേഷൻ ക്രമവൽക്കരിക്കുന്നതിനുള്ള ഫീസ് | ഒരു ബെഡ് റൂം ഹൌസ്ബോട്ടിന് | ₹ 10000 |
| | | | ഓരോ ബെഡ് റൂമിനും | ₹ 10000 (additional) |
| | | | അപ്പർഡെക്കിന് | ₹ 10000 |
| 4. | ഡ്രഡ്ജറുകൾ, ബാർജ്ജ്, മുതലായവ | അനുമതി ഇല്ലാതെ നിർമ്മാണം നടത്തിയതിനു | 10000.00 | |
| | | സർവ്വേ ഫീസ് | വെസൽ നീറ്റിലിറക്കിയ വർഷം മുതൽ ടണേജ് അടിസ്ഥാനത്തിൽ ഓരോ വർഷത്തിനും ഇരട്ടി തുക (2025 വരെ) | |
| | | രജിസ്ട്രേഷൻ ഫീസ് | വെസൽ നീറ്റിലിറക്കിയ വർഷം മുതൽ,ടണേജിനു 60/- രൂപ എന്ന നിരക്കിൽ (മിനിമം 3310.00) ഓരോ 5 വർഷത്തിനും ഇരട്ടി തുക | |
| | | ഡോക്കിങ്ങ് ഫീസ് | വെസൽ നീറ്റിലിറക്കിയ വർഷം മുതൽ ഓരോ 3 വർഷത്തിനും 4140/- രൂപ വീതം. | |
| | | രജിസ്ട്രേഷൻ ക്രമവൽക്കരിക്കുന്നതിനുള്ള ഫീസ് | 25000.00 | |

മറ്റ് നിർദ്ദശങ്ങൾ-

1) ക്രമ നമ്പർ 1 ലെ നിർദ്ദേശങ്ങള് എല്ലാ പോർട്ട് ഓഫ് രജിസ്ട്രികൾക്കും ബാധകമാകുന്നതാണ്.

2) മുൻകൂര് അനുമതിയില്ലാതെ നിർമ്മാണം നടത്തി രജിസ്ട്രേഷൻ, സർവേ നടപടികൾ പൂർത്തിയാക്കാത്ത ബോട്ടുകൾ ക്രമവത്ക്കരിക്കുന്നതിലേയ്ക്കായി നിശ്ചിത അപക്ഷകളിന്മേല് അപേക്ഷ സ്വീകരിക്കേണ്ടതും, ആയതിനോടൊപ്പം500/- രൂപയുടെ മുദ്ര പത്രത്തിൽ ഒരു സത്യവാങ്മൂലം അപേക്ഷകൻ സമർപ്പിക്കേണ്ടതുമാണ്.

3) പൂർണ്ണമായി പൂരിപ്പിച്ചതും, അനുബന്ധ രേഖകൾ, ഫീസ് എന്നിവയുള്ള അപക്ഷകൾ മാത്രമേ സ്വീകരിക്കാൻ പാടുള്ളൂ. ഇത്തരത്തിൽ അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് രജിസ്റ്ററിംഗ് അതോറിറ്റിയുടെ നിർദ്ദേശത്തിൻറെ അടിസ്ഥാനത്തിൽ സർവ്വേ ഡേറ്റ്, സ്ഥലം എന്നിവ അപേക്ഷകനെ അറിയിക്കേണ്ടതാണ്.

4) ഇത്തരത്തിൽ ലഭ്യമാകുന്ന അപേക്ഷകൾ കേരള മാരിടൈം ബോർഡിൻറെ നേവൽ ആർക്കിടെക്ട് യോഗ്യതയുള്ള ഒരു സർവേയർ മറ്റൊരു സർവേയർ, മെക്കാനിക്കൽ എഞ്ചിനീയറിങ്ങ് വിംഗിലെ അസിസ്റ്റന്റ് എഞ്ചിനീയർ/ഡ്രാഫ്റ്റ്സ്മാൻ എന്നീ മൂന്ന് ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു കമ്മിറ്റി പരിശോധിച്ച് രജിസ്ട്രേഷൻ അനുവദിക്കാവുന്നതാണെന്ന് കണ്ടെത്തുന്ന പക്ഷം മറ്റ് നടപടി ക്രമങ്ങൾ പൂർത്തീകരിക്കാവുന്നതാണ്. വെസ്സലുകളുടെ പ്രായം സംബന്ധിച്ച് ടി കമ്മിറ്റിയുടെ തീരുമാനം അന്തിമമായിരിക്കും.

5) ക്രമ നമ്പർ II പ്രകാരം ലഭ്യമാകുന്ന ബോട്ടുകൾക്ക് കേരളാ മാരിടൈം ബോർഡിൻറെ നേവൽ ആർക്കിടെക്റ്റുമാർ ഡ്രോയിങ്ങുകൾ, സ്റ്റെബിലിറ്റി എന്നിവയ്ക്ക് അംഗീകാരം നൽകേണ്ടതാണ്. ആയതിലേയ്ക്കായുള്ള ഫീസുകൾ അപേക്ഷകൻ അടയ്ക്കേണ്ടതാണ്.

6) ആലപ്പുഴ പോർട്ട് ഓഫ് രജിസ്ട്രിയിൽ 2015, 2018 കാലയളവിൽ നടത്തിയ അദാലത്തിൽ പങ്കെടുക്കുകയും മറ്റ് പോർട്ട് ഓഫ് രജിസ്ട്രികളിൽ രജിസ്ട്രേഷൻ അനുവദിച്ച് ആലപ്പുഴ പോർട്ട് ഓഫ് രജിസ്ട്രിയുടെ പരിധിയിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന ബോട്ടുകൾ ആലപ്പുഴ പോർട്ട് ഓഫ് രജിസ്ട്രിയുടെ കീഴിലേയ്ക്ക് മാറ്റുന്നതിനായുള്ള അപേക്ഷകൾ നിലവിലെ പോർട്ട് ഓഫ് രജിസ്ട്രികളിൽ സ്വീകരിക്കേണ്ടതും, പോർട്ട് ഓഫ് രജിസ്ട്രികൾ ആയവ പരിശോധിച്ച് 5 ദിവസത്തിനകം ഫയൽ സഹിതം രജിസ്റ്ററിംഗ് അതോറിറ്റിക്ക് അയച്ചു നൽകേണ്ടതുമാണ്. എന്നാൽ ആലപ്പുഴയിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ച ശേഷം ആലപ്പുഴയിൽ നിന്നും മറ്റു പോർട്ട് ഓഫ് രജിസ്ട്രികളിലേയ്ക്കു ഏരിയ ഓഫ് ഓപ്പറേഷൻ മാറ്റിയ വെസലുകൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നതല്ല.

7) മേൽ പറഞ്ഞ എല്ലാ അപേക്ഷകളും സമർപ്പിക്കുന്നതിനുള്ള കാലാവധി സർക്കാരിൻറെ ഉത്തരവിൻറെ അടിസ്ഥാനത്തിലായിരിക്കും. കാലാവധിക്ക് ശേഷം ലഭ്യമാകുന്ന അപേക്ഷകൾ പരിഗണിക്കേണ്ടതില്ല.

8) മുകളിൽ സൂചിപ്പിച്ച മാർഗരേഖ അംഗീകരിച്ചുകഴിഞ്ഞാൽ, ബോട്ടുകളുടെ രജിസ്ട്രേഷൻ നടത്തുന്നതിന് വേണ്ടി അദാലത്ത് വയ്ക്കുകയും ടി അദാലത്തിനെ കുറിച്ച് പത്രത്തിലും ബോട്ടുടമകൾക്കിടയിലും പ്രചാരം നൽകും. ഇപ്രകാരം എല്ലാ ബോട്ടുകളും രജിസ്ട്രേഷൻ 3 മാസത്തിനുള്ളിൽ രജിസ്ട്രേഷൻ ചെയ്തിരിക്കണം.

9) മുകളിൽ സൂചിപ്പിച്ച 3 മാസ കാലയളവിനു ശേഷംകേരളത്തിലെ ഉൾനാടൻ ജലാശയങ്ങളിൽരജിസ്ട്രേഷൻ ഇല്ലാത്ത ഒരു യന്ത്രവൽകൃത വെസ്സലുകളും പ്രവർത്തിക്കാൻ അനുവദിക്കില്ല. രജിസ്റ്റർ ചെയ്യാത്ത ഏതെങ്കിലും യാനം കണ്ടെത്തിയാൽ, അത് എന്നെന്നേക്കുമായി തടഞ്ഞുവയ്ക്കുകയും നശിപ്പിക്കുകയും ചെയ്യുന്നതാണ്.

10) മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ പൂർത്തിയാക്കി, നിലവിൽ കേരള മാരിടൈം ബോർഡ് വികസിപ്പിച്ചുകൊണ്ടിരിക്കുന്ന ഇ-പോർട്ടൽ വഴി ആലപ്പുഴയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള യന്ത്രവൽകൃത യാനങ്ങളുമായി ബന്ധപ്പെട്ട എല്ലാ ഡാറ്റയും ശേഖരിച്ചതിനു ശേഷം,ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയില് 22/01/24 തീയതിയില് ചേർന്ന യോഗ തീരുമാന പ്രകാരംആലപ്പുഴയിൽ സർവീസ് നടത്തുന്നതിന് അനുവദനീയമായ യാനങ്ങളുടെ പരിധി നിശ്ചയിക്കാവുന്നതാണ്.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന തുറമുഖ വകുപ്പ്- അനധികൃതമായി പ്രവർത്തിക്കുന്ന ബോട്ടുകൾക്ക് രജിസ്ട്രേഷൻ നൽകുന്നതിനായുള്ള ഫീസ്,ഫൈൻ എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.431/2024/F&P തീയതി,തിരുവനന്തപുരം, 31-07-2024

---

പരാമർശം:-
1. 11/07/2024 ലെ സ.ഉ(സാധാ) 383/2024/മതുവ
2. കേരള മാരിടൈംബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 22/07/2024 ലെ HOKMB-TVM/743/2023-E3 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പരാമർശം (1) സർക്കാർ ഉത്തരവിലെ 2-ാമത്തെ ഖണ്ഡികയിൽ ആലപ്പുഴ പോർട്ട് ഓഫ് രജിസ്ട്രിയിൽ പുതിയ ബോട്ടുകൾക്ക് രജിസ്ട്രേഷൻ നൽകുന്നത് നിലവിലെ ബഹു. ഹൈക്കോടതിയിലെ സ്റ്റേ പിൻവലിച്ചതിന് ശേഷം മാത്രം ആരംഭിയ്ക്കാവുന്നതാണ് എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

2) പരാമർശം (1) സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU V K
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
P Y Usha
Date: 31-07-2024 11:02:38

സെക്ഷൻ ഓഫീസർ